# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 515 06.07.2012 ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ എംപവേർഡ് കമ്മിറ്റി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. എ. കെ. ബാലൻ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പു മന്ത്രി) |
| **(എ)** മുല്ലപ്പെരിയാർ പ്രശ്നം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സുപ്രീം കോടതി നിയോഗിച്ചിട്ടുള്ള എംപവേർഡ് കമ്മിറ്റിയുടെ മുമ്പാകെ പുതിയ ഡാം കെട്ടുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | **(എ)** ഉണ്ട്. എംപവേർഡ് കമ്മിറ്റി മുമ്പാകെ 2011 സെപ്റ്റംബറിൽ Detailed Project Report (DPR) സമർപ്പിച്ചിട്ടുണ്ട്. നാല് ഭാഗങ്ങളുള്ള റിപ്പോർട്ടിൽ ഒന്നാംഭാഗത്തിൽ പഴയ ഡാമിന്റെ ദുർബലതയും പുതിയ ഡാമിന്റെ ആവശ്യകതയും രണ്ടാം ഭാഗത്തിൽ പുതിയ ഡാമിന്റെ രൂപരേഖയും മൂന്നാം ഭാഗത്തിൽ എസ്റ്റിമേറ്റുകളും നാലാം ഭാഗത്തിൽ പുതിയ ഡാമിനു വേണ്ടി നടത്തിയ പഠനങ്ങളുടെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. |
| **(ബി)** ഇതനുസരിച്ച് പുതിയ ഡാം നിർമ്മിക്കുന്നതിനും, പൂർത്തീകരിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഒരു പ്രത്യേക അതോറിറ്റിയെ നിയോഗിക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇത് നടപ്പിലാക്കിയിട്ടുണ്ടോ; | **(ബി)** ഉണ്ട്. പുതിയ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് Special Purpose Vehicle രൂപീകരിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു. |
| **(സി)** ഇതിന്റെ ചെലവിനായി എത്ര കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്; എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ ? | **(സി)** 2012 - 13 ൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്ന് തുക ഒന്നുംതന്നെ ചിലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ